കമ്പ്യൂട്ടർ പരിശീലനത്തിനുള്ള ഫീസ് നിരക്ക് കൂടുതലാണെന്ന പരാതി

*15 [960] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ കമ്പ്യൂട്ടർ പരിശീലനത്തിന് സ്വകാര്യ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയ ഫീസ്, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ഫീസ് റേറ്റിനേക്കാൾ കൂടുതലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ വകുപ്പുതല അന്വേഷണം നടത്തി ഇങ്ങനെ തുക കൂട്ടി നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ, ബി) കമ്പ്യൂട്ടർ പരിശീലനത്തിന് അനുവദിച്ച് നൽകിയ ഫീസിനെ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിവരുന്നു.

കടൽ മൽസ്യബന്ധന നിയന്ത്രണ നിയമം

*16 [961] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽ മൽസ്യബന്ധന നിയന്ത്രണ നിയമം കർശനമായി പാലിക്കപ്പെടുന്നുണ്ടോ;

(ബി) ഈ നിയമം കർശനമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ട്?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്റ്റ് നടപ്പാക്കുന്നതിനായി ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിന്റെ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ കീഴിൽ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാരുടെ കീഴിൽ അഞ്ച് ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. ഈ അഞ്ച് ഫിഷറീസ് സ്റ്റേഷനുകളിലായി 9 പോലീസ് ആഫീസർമാരും 40 പോലീസ് സേനാംഗങ്ങളും ഉൾപ്പെടുന്ന പോലീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കടൽ മൽസ്യബന്ധന നിയന്ത്രണ നിയമം ലംഘിക്കുന്നവരെ കടലിൽ റോന്തു ചുറ്റി പിടികൂടുന്നതിന് പോലീസ് ഓഫീസർമാരും ഫിഷറീസ് ഉദ്യോഗസ്ഥരും ഉൾപ്പെടെ ഗസറ്റഡ് തസ്തികയിലുള്ള 42 പേരെ ഇംപൗണ്ടിംഗ് ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കടലിൽ റോന്തു ചുറ്റുന്നതിന് പട്രോൾ ബോട്ടുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly